I ഇ.ബി. XIV - കേരള നിയമസഭ /IX-2

# പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

2018 ജനുവരി 23, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**ചരമോപചാരം**

കെ.കെ. രാമചന്ദ്രൻ നായർ, മുൻ മന്ത്രി ഇ. ചന്ദ്രശേഖരൻ നായർ എന്നിവരുടെ നിര്യാണം

മി. സ്പീക്കർ: പതിനാലാം കേരള നിയമസഭാംഗമായിരുന്ന കെ. കെ. രാമചന്ദ്രൻ നായർ 2018 ജനുവരി 14- ന് അന്തരിച്ചു. ചെങ്ങന്നൂർ ആലയിൽ കെ. പി. കരുണാകരൻ നായരുടെയും ഭാരതിയമ്മയുടെയും മകനായി 1952 ഡിസംബർ 1-ാം തീയതി ജനിച്ച കെ.കെ. രാമചന്ദ്രൻ നായർ വിദ്യാർത്ഥി പ്രസ്ഥാനത്തിലൂടെയാണ് രാഷ്ട്രീയ രംഗത്ത് സജീവമായത്. ചെങ്ങന്നൂർ ക്രിസ്റ്റ്യൻ കോളേജിൽ നിന്ന് പ്രീഡിഗ്രിയും പന്തളം എൻ.എസ്.എസ്. കോളേജിൽ നിന്ന്

ബിരുദവും ബിരുദാനന്തര ബിരുദവും തിരുവനന്തപുരം ലാ കോളേജിൽ നിന്ന് നിയമ ബിരുദവും നേടി ചെങ്ങന്നൂർ കോടതിയിൽ അഭിഭാഷകനായി പ്രാക്ടീസ് ചെയ്യുതോടൊപ്പം ചെങ്ങന്നൂർ ബ്ലോക്ക് ഡെവലപ്മെന്റ് കമ്മിറ്റി, ചൈൽഡ് വെൽഫെയർ കമ്മിറ്റി എന്നിവയുടെ ചെയർമാനായും പ്രവർത്തിച്ചു. കലാ-സാംസ്കാരിക പ്രവർത്തനങ്ങളിൽ തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ച അദ്ദേഹം സർഗ്ഗവേദി എന്നൊരു സാംസ്കാരിക സംഘടനയ്ക്കും രൂപം നൽകി. ചെങ്ങന്നൂരിന്റെ സമഗ്രവികസനം മുൻനിർത്തിയുള്ള അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ മറ്റ് സാമാജികർക്ക് മാതൃകയാണ്. വരട്ടാർ പുനരുജ്ജീവന പ്രവർത്തനത്തിൽ നേതൃത്വം വഹിച്ച അദ്ദേഹം ആല പഞ്ചായത്തിലെ ഉത്തരപ്പള്ളിയാറിനെ വീണ്ടെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കാനിരിക്കുകയായിരുന്നു. അഭിഭാഷകൻ, പൊതുപ്രവർത്തകൻ എന്നീ നിലകളിൽ രാഷ്ട്രീയത്തിനതീതമായ സ്നേഹവും സൗഹൃദവും അദ്ദേഹം പുലർത്തിയിരുന്നു. സമര പോരാട്ടങ്ങളിൽ സജീവമായിരുന്ന അദ്ദേഹം അടിയന്തരാവസ്ഥക്കാലത്ത് ജയിൽവാസവും അനുഭവിച്ചിട്ടുണ്ട്. കെ. കെ. രാമചന്ദ്രൻ നായരുടെ നിര്യാണത്തോടെ പ്രഗത്ഭനായ സാമാജികനേയും മികവുറ്റ പൊതുപ്രവർത്തകനേയും സർവ്വോപരി ഒരു മനുഷ്യ സ്നേഹിയെയുമാണ് നഷ്ടമായിരിക്കുന്നത്.

ഒന്നാം കേരള നിയമസഭ മുതൽ നിരവധി കേരള നിയമസഭകളിൽ

അംഗമായിരുന്ന ഇ.ചന്ദ്രശേഖരൻ നായർ 2017 നവംബർ 29-ന് അന്തരിച്ചു. 1928 ഡിസംബർ 2-ന് കൊല്ലം ജില്ലയിലെ എഴുകോൺ ഇടയിലഴികത്ത് എ. ഈശ്വര പിള്ളയുടെയും മീനാക്ഷി അമ്മയുടെയും മകനായി ജനിച്ച അദ്ദേഹം ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുശേഷം ചങ്ങനാശ്ശേരി എസ്.ബി. കോളേജിൽ നിന്ന് ഇന്റർമീഡിയറ്റ് പാസ്സാകുകയും ഗണിതശാസ്ത്രത്തിൽ ബിരുദമെടുത്ത ശേഷം അഭിഭാഷകവൃത്തിയിലേയ്ക്ക് തിരിയുകയും ചെയ്തു.

1948-ൽ സോഷ്യലിസ്റ്റ് പാർട്ടിയിലൂടെ പൊതുപ്രവർത്തന രംഗത്തെത്തിയ അദ്ദേഹം 1952-ൽ കമ്മ്യൂണിസ്റ്റ് പാർട്ടി അംഗമായി. കൊല്ലം ജില്ലാ സഹകരണ ബാങ്ക് പ്രസിഡന്റ്, ഓൾ ഇന്ത്യാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് ഫെഡറേഷൻ ചെയർമാൻ, നാഷണൽ കോ-ഓപ്പറേറ്റീവ് യൂണിയൻ വൈസ് പ്രസിഡന്റ്, സെൻട്രൽ കമ്മിറ്റി ഓഫ് ഇന്റർനാഷണൽ കോ-ഓപ്പറേറ്റീവ് അലയൻസ് അംഗം എന്നീ നിലകളിലുള്ള പ്രവർത്തനത്തിന് മികച്ച സഹകാരിക്കുള്ള അവാർഡ് ലഭിച്ചിട്ടുണ്ട്.

ഒന്ന്, മൂന്ന് കേരള നിയമസഭകളിൽ കൊട്ടാരക്കര മണ്ഡലത്തെയും 5 ,6 കേരള നിയമസഭകളിൽ ചടയമംഗലം മണ്ഡലത്തെയും 8,10 കേരള നിയമസഭകളിൽ കരുനാഗപ്പള്ളി മണ്ഡലത്തെയും പ്രതിനിധാനം ചെയ്ത അദ്ദേഹം വിവിധ കാലയളവിൽ ഭക്ഷ്യം, സിവിൽ സപ്ലൈസ്, ഭവന നിർമ്മാണം, മൃഗസംരക്ഷണം,

വിനോദസഞ്ചാരം, നിയമം എന്നീ വകുപ്പുകളിൽ മന്ത്രിയായും പ്രവർത്തിച്ചിട്ടുണ്ട്. ഭക്ഷ്യ വകുപ്പുമന്ത്രിയായിരിക്കെ 1987-ൽ ആരംഭിച്ച മാവേലിസ്റ്റോറുകൾ, ഓണച്ചന്ത എന്നിവ കേരളത്തിൽ അവശ്യസാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിൽ പ്രധാന പങ്കുവഹിച്ചു. കേരള നിയമസഭയുടെ അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതി ചെയർമാൻ, ഭൂപരിഷ്കരണ ബില്ലിന്റെ സെലക്ട് കമ്മിറ്റി അംഗം എന്നീ നിലകളിൽ പ്രവർത്തിച്ച അദ്ദേഹത്തിന് മികച്ച പാർലമെന്റേറിയനുള്ള ആർ. ശങ്കരനാരായണൻ തമ്പി അവാർഡും ലഭിച്ചിട്ടുണ്ട്.

'ജനയുഗം' ദിനപ്പത്രത്തിന്റെ മാനേജിംഗ് എഡിറ്ററായി പ്രവർത്തിച്ചിട്ടുള്ള അദ്ദേഹം കേരള വികസന മാതൃക; പ്രതിസന്ധിയും പരിഹാരമാർഗ്ഗങ്ങളും, ചിതറിയ ഓർമ്മകൾ, മറക്കാത്ത ഓർമ്മകൾ, ഹിന്ദുമതം ഹിന്ദുത്വം എന്നീ പുസ്തകങ്ങളുടെ രചയിതാവാണ്.

ഇ. ചന്ദ്രശേഖരൻ നായരുടെ നിര്യാണത്തോടെ, ക്രാന്തദർശിയായ ഒരു ഭരണാധികാരിയേയും സൗമ്യവും ദീപ്തവുമായ സ്വഭാവ സവിശേഷതയിലൂടെ ജനമനസ്സുകളിൽ ചിരപ്രതിഷ്ഠ നേടിയ ഒരു പൊതുപ്രവർത്തകനേയുമാണ് നമുക്ക് നഷ്ടമായിരിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കെ. കെ. രാമചന്ദ്രൻ നായരെക്കുറിച്ചും ഇ. ചന്ദ്രശേഖരൻ നായരെക്കുറിച്ചും ബഹു. സ്പീക്കർ പ്രകടിപ്പിച്ച

വികാരത്തോട് യോജിക്കുന്നു. സ്നേഹവും ലാളിത്യവും നിറഞ്ഞ പെരുമാറ്റത്തിലൂടെ പരിചയപ്പെട്ടവരുടെയെല്ലാം മനസ്സിൽ സ്ഥാനമുറപ്പിച്ച കെ.കെ. രാമചന്ദ്രൻ നായരുടെ വിയോഗവാർത്ത ഞെട്ടലോടെയാണ് കേട്ടത്. കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ സഭാതലത്തിൽ സജീവമായിരുന്ന അദ്ദേഹത്തിന് കാര്യമായ എന്തെങ്കിലും അസുഖമുള്ളതിന്റെ സൂചന പോലുമുണ്ടായിരുന്നില്ല. പതിറ്റാണ്ടുകളുടെ രാഷ്ട്രീയ പ്രവർത്തന പശ്ചാത്തലവുമായി നിയമസഭയിലേയ്ക്ക് കടന്നുവന്ന അദ്ദേഹം ജനങ്ങളുടെ ആശയാഭിലാഷങ്ങൾ സഭാതലത്തിൽ പ്രതിഫലിപ്പിക്കുന്നതിൽ വളരെ ശ്രദ്ധാലുവായിരുന്നു. കലാ-സാംസ്കാരിക പ്രവർത്തനങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ച അദ്ദേഹം 'സർഗ്ഗവേദി' എന്ന കലാ സാംസ്കാരിക സംഘടന ചെങ്ങന്നൂരിൽ ആരംഭിക്കുകയും വിഖ്യാതരായ കലാകാരന്മാർക്ക് അവിടെ അവസരമൊരുക്കുകയും ചെയ്തു. കരുണ പെയിൻ ആന്റ് പാലിയേറ്റീവ് സൊസൈറ്റിയുമായി ബന്ധപ്പെട്ട് നടത്തിയ ജീവകാരുണ്യ പ്രവർത്തനങ്ങൾ വേദനിക്കുന്നവരോടുള്ള അദ്ദേഹത്തിന്റെ കരുതലുകൾക്കുള്ള ദൃഷ്ടാന്തങ്ങളായിരുന്നു. വരട്ടാർ പുനരുജ്ജീവനത്തിൽ അദ്ദേഹം വഹിച്ച പങ്ക് എടുത്തുപറയേണ്ടതാണ്. ചെങ്ങന്നൂരിൽ ഹരിതകേരളം പദ്ധതിയുടെ നടത്തിപ്പിൽ അദ്ദേഹം മാതൃകാപരമായ പ്രവർത്തനം കാഴ്ചവച്ചിട്ടുണ്ട്. നാടിനും നാട്ടുകാർക്കും വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ വ്യാപൃതനായിരിക്കെ അകാലത്തിൽ അന്തരിച്ച കെ. കെ. രാമചന്ദ്രൻ നായരുടെ സ്മരണയ്ക്കുമുമ്പിൽ ആദരാഞ്ജലികൾ

അർപ്പിക്കുന്നു.

കേരള പിറവിക്കുശേഷം രൂപീകരിക്കപ്പെട്ട ആദ്യ നിയമസഭയിൽ അംഗമായിരുന്ന ഇ. ചന്ദ്രശേഖരൻ നായർ സഭയെ കാലാനുസൃതമായി നവീകരിക്കുന്നതിനും പരിഷ്കരിക്കുന്നതിനും മുന്നിൽനിന്ന പ്രഗത്ഭനായ സാമാജിക നായിരുന്നു. നിയമനിർമ്മാണ പ്രക്രിയയിലും നിയമസഭാ സമിതികളുടെ പ്രവർത്തനങ്ങളിലും അദ്ദേഹം നടത്തിയ ഇടപെടലുകൾ പുതുതലമുറയ്ക്ക് ഒരു പാഠമാണ്. ഇടതുപക്ഷ രാഷ്ട്രീയത്തെ പൊതുവിലും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തെ വിശേഷിച്ചും ശക്തിപ്പെടുത്തുന്നതിന് അദ്ദേഹം വഹിച്ച പങ്ക് കേരള രാഷ്ട്രീയത്തിന് മറക്കാവുന്നതല്ല. സഹകരണ രംഗത്ത് അദ്ദേഹം നൽകിയ സംഭാവന വിലപ്പെട്ടതാണ്. നല്ല വായനക്കാരനും ശ്രദ്ധേയനായ എഴുത്തുകാരനുമായിരുന്ന ഇ. ചന്ദ്രശേഖരൻ നായർ, 'ഹിന്ദുമതം ഹിന്ദുത്വം' എന്ന പുസ്തകം അടുത്തകാലത്ത് പ്രസിദ്ധീകരിച്ചിട്ടുണ്ട്. സഹകരണരംഗം മുതൽ രാജ്യത്തിന്റെ സാമ്പത്തിക പരമാധികാരം വരെ, അഭിപ്രായ സ്വാതന്ത്ര്യം മുതൽ മതനിരപേക്ഷത വരെ വിപൽഭീഷണി നേരിടുന്ന ഘട്ടത്തിലാണ് അദ്ദേഹത്തിന്റെ വിയോഗമെന്നത് നഷ്ടത്തിന്റെ തീവ്രത വർദ്ധിപ്പിക്കുന്നു. വർഗ്ഗീയതയ്ക്കും സാമ്രാജ്യത്വത്തിനുമെതിരെ സ്വാതന്ത്ര്യത്തിന്റെയും മതനിരപേക്ഷതയുടെയും ഐക്യം ഊട്ടി ഉറപ്പിച്ച് മുന്നോട്ടുപോകുകയെന്നതാണ് അദ്ദേഹത്തിന് നൽകാവുന്ന ഏറ്റവും വലിയ

ആദരാഞ്ജലി.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): അന്തരിച്ച കെ. കെ. രാമചന്ദ്രൻ നായരെക്കുറിച്ച് ബഹു. സ്പീക്കറും മുഖ്യമന്ത്രിയും പ്രകടിപ്പിച്ച വികാരത്തോട് ഞാനും യോജിക്കുന്നു. ലാളിത്യംകൊണ്ട് ഏവരുടെയും മനസ്സിനെ കീഴടക്കാൻ സാധിച്ച ഒരു വ്യക്തിത്വത്തിനുടമയായിരുന്നു അദ്ദേഹം. തിരുവനന്തപുരം ലാ കോളേജ് ചെയർമാൻ എന്ന നിലയിൽ അദ്ദേഹം നടത്തിയ പ്രവർത്തനങ്ങൾ പ്രശംസനീയമാണ്. രാഷ്ട്രീയപ്രവർത്തകൻ എന്നതിലുപരി ചെങ്ങന്നൂരിലെ കലാ-സാംസ്കാരിക-സാമൂഹിക പ്രവർത്തനങ്ങളിൽ ബദ്ധശ്രദ്ധനായിരുന്ന അദ്ദേഹം അഭിഭാഷകൻ എന്ന നിലയിലും മികച്ച പ്രകടനമാണ് കാഴ്ചവച്ചത്. വിദ്യാർത്ഥി ആയിരുന്ന കാലം മുതൽ രാഷ്ട്രീയ പ്രവർത്തനത്തോടൊപ്പം വാരികകളിൽ ആനുകാലിക സംഭവവികാസങ്ങളെക്കുറിച്ച് നിരവധി ലേഖനങ്ങൾ എഴുതിയിട്ടുണ്ട്. സർവ്വകലാശാലാ യുവജനോത്സവത്തിൽ ശാസ്ത്രീയ സംഗീതത്തിൽ ഒന്നാം സ്ഥാനം നേടിയ അദ്ദേഹം ചെങ്ങന്നൂരിൽ ആരംഭിച്ച പ്രമുഖ സാഹിത്യ സാംസ്കാരിക സംഘടനയാണ് 'സർഗ്ഗവേദി'. എല്ലാവരെയും സമഭാവനയോടെ വീക്ഷിക്കുകയും ജനങ്ങൾക്കുവേണ്ടി ആത്മാർത്ഥതയോടെ പ്രവർത്തിക്കുകയും ചെയ്ത കെ.കെ. രാമചന്ദ്രൻ നായർക്ക് ചുരുങ്ങിയ കാലത്തിനുള്ളിൽത്തന്നെ മികച്ച നിയമസഭാംഗമായി പ്രവർത്തിക്കാൻ

സാധിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ധന്യമായ ഓർമ്മകൾക്കുമുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

സൗമ്യമായ പെരുമാറ്റവും ലാളിത്യവുംകൊണ്ട് ഏവരുടെയും ആദരവ് പിടിച്ചുപറ്റാൻ കഴിഞ്ഞ കേരള രാഷ്ട്രീയത്തിലെ സമുന്നതനായ ഒരു രാഷ്ട്രീയ നേതാവായിരുന്നു ഇ. ചന്ദ്രശേഖരൻ നായർ. ഒരു ഗാന്ധിയൻ കമ്മ്യൂണിസ്റ്റ് എന്ന് പറയാൻ സാധിക്കുന്ന രീതിയിലുള്ള വ്യക്തിത്വത്തിനുടമയായിരുന്നു അദ്ദേഹം. ജനക്ഷേമകരമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ സാധിച്ച സമർത്ഥനായ ഒരു ജനസേവകൻ എന്ന നിലയിൽ കേരളീയ സമൂഹം അദ്ദേഹത്തെ എന്നും ഓർമ്മിക്കപ്പെടും. തന്റെ പ്രവർത്തനങ്ങളുടെ മൂല്യം ചരിത്രം രേഖപ്പെടുത്തുമെന്ന ഉറച്ച വിശ്വാസമുള്ള ഒരു പൊതു പ്രവർത്തകനായിരുന്ന ഇ. ചന്ദ്രശേഖരൻ നായർക്ക് താൻ കൈകാര്യം ചെയ്ത എല്ലാ വകുപ്പുകളിലും ഒരു ധീഷണാശാലിയുടെ വ്യക്തിമുദ്ര പതിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി എന്ന നിലയിൽ അദ്ദേഹം ആരംഭിച്ച മാവേലിസ്റ്റോറുകളുടെ പ്രവർത്തനത്തിലൂടെ വിലക്കയറ്റം നിയന്ത്രിക്കാനും അതിന്റെ ഗുണഫലങ്ങൾ കേരളീയ സമൂഹത്തിന് അനുഭവവേദ്യമാക്കാനും സാധിച്ചു. സിവിൽ സപ്ലൈസ് കോർപ്പറേഷനെ ജനകീയ സ്ഥാപനമാക്കി മാറ്റുന്നതിലും റേഷൻ വ്യാപാരികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്നതിലും അദ്ദേഹം മുഖ്യ പങ്ക് വഹിച്ചു. മിൽമ പ്രസ്ഥാനത്തെ

ശക്തിപ്പെടുത്തുകയും ക്ഷീര കർഷകർക്കുള്ള ക്ഷേമനിധി ആരംഭിക്കുകയും ചെയ്തു. നിയമ വകുപ്പുമന്ത്രി എന്ന നിലയിൽ സർക്കാർ കക്ഷിയായ കേസുകൾ വേഗത്തിൽ തീർപ്പ് കൽപ്പിക്കാൻ ഹൈക്കോടതിയിലും സുപ്രീംകോടതിയിലും പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തി. കേരളത്തെ ഇക്കോ ടൂറിസം ഡെസ്റ്റിനേഷനാക്കി ഉയർത്തിയത് അദ്ദേഹം വിനോദസഞ്ചാര വകുപ്പ് കൈകാര്യം ചെയ്തിരുന്ന കാലത്താണ്. റാഗിംഗ് നിരോധന ആക്ട്, ലോകായുക്ത ആക്ട് ഉൾപ്പെടെയുള്ള പ്രധാന നിയമനിർമ്മാണങ്ങളുടെ മുഖ്യ ശിൽപിയാണ് അദ്ദേഹം. കെ. കെ. രാമചന്ദ്രൻ നായരുടെയും മുൻമന്ത്രി ഇ. ചന്ദ്രശേഖരൻ നായരുടെയും ഓർമ്മകൾക്കുമുമ്പിൽ സ്മരണാഞ്ജലികൾ അർപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): ബഹുമാനപ്പെട്ട സ്പീക്കറും മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും പ്രകടിപ്പിച്ച അഭിപ്രായത്തോട് ഞാനും യോജിക്കുന്നു. നിയമസഭാംഗം എന്ന നിലയിൽ വളരെ ചുരുങ്ങിയ കാലത്തിനുള്ളിൽത്തന്നെ മികച്ച പ്രവർത്തനം കാഴ്ചവയ്ക്കാൻ കെ. കെ. രാമചന്ദ്രൻ നായർക്ക് സാധിച്ചു. പുരോഗമന വിദ്യാർത്ഥി യുവജന പ്രസ്ഥാനത്തിലൂടെ പൊതു പ്രവർത്തന രംഗത്തേയ്ക്ക് കടന്നുവന്ന അദ്ദേഹം രാഷ്ട്രീയ പ്രവർത്തനത്തിനതീതമായി കലാ-സാംസ്കാരിക-സാഹിത്യാദി മേഖലകളിലും തൽപ്പരനായിരുന്നു. ചെങ്ങന്നൂർ ബാർ കൗൺസിലിന്റെ പ്രസിഡന്റായിരുന്ന

അദ്ദേഹം പ്രഗത്ഭനായൊരു അഭിഭാഷകനായിരുന്നു. വർത്തമാനകാലത്ത് നിലനിൽക്കുന്ന യാന്ത്രികമായ പെരുമാറ്റത്തിൽനിന്ന് വേറിട്ട് നിൽക്കുന്ന ഒരു വ്യക്തിത്വത്തിനുടമയായിരുന്നു അദ്ദേഹം. ജനങ്ങളോട് സൗമനസ്യത്തോടെ പെരുമാറുകയും വളരെ മാന്യമായ രീതിയിൽ സമീപിക്കുകയും ചെയ്ത കെ. കെ. രാമചന്ദ്രൻ നായരുടെ നിര്യാണം ഈ നാടിനുതന്നെ വലിയ നഷ്ടമാണ്.

ആറ് തവണ കേരള നിയമസഭാംഗമായി തെരഞ്ഞെടുക്കപ്പെടുകയും മൂന്ന് തവണ മന്ത്രിയായി പ്രവർത്തിക്കുകയും ചെയ്ത ഇ. ചന്ദ്രശേഖരൻ നായർ ബന്ധപ്പെട്ട വകുപ്പുകളിൽ പുതുമ നിറഞ്ഞ പ്രവർത്തനങ്ങളാണ് കാഴ്ച വച്ചിട്ടുള്ളത്. സഹകരണ രംഗത്ത് നിക്ഷേപ സമാഹരണ യജ്ഞത്തിന് തുടക്കം കുറിക്കാൻ നേതൃത്വപരമായ പങ്ക് വഹിക്കുകയും ബേക്കൽ ടൂറിസം വികസനത്തിന് മികച്ച സംഭാവന നൽകിക്കൊണ്ട് മലബാർ മേഖലയെ പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രമാക്കി ഉയർത്തുകയും ചെയ്തു. കെ. കെ. രാമചന്ദ്രൻ നായരുടെയും ഇ. ചന്ദ്രശേഖരൻ നായരുടെയും ഓർമ്മകൾക്കുമുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

<u>ഡോ. എം. കെ. മുനീർ</u>: ബഹുമാനപ്പെട്ട സ്പീക്കർ, മുഖ്യമന്ത്രി, പ്രതിപക്ഷ നേതാവ്, കക്ഷിനേതാക്കൾ എന്നിവർ പ്രകടിപ്പിച്ച വികാരത്തോട് യോജിക്കുന്നു. വളരെ ചുരുങ്ങിയ സമയത്തിനുള്ളിൽ എല്ലാവരുടെയും സ്നേഹം പിടിച്ചുപറ്റിയ

കെ.കെ. രാമചന്ദ്രൻ നായർക്ക് പാർട്ടിയുടെ സജീവ സാന്നിദ്ധ്യമായി മാറാനും രാഷ്ട്രീയ പ്രവർത്തനത്തിനപ്പുറം പ്രത്യയ ശാസ്ത്രപരമായ ഇടപെടലുകൾക്ക് പ്രാധാന്യം നൽകി, കലാ-സാംസ്കാരിക രംഗങ്ങളിൽ വ്യക്തിമുദ്ര പതിപ്പിക്കാനും സാധിച്ചു. പൊതുപ്രവർത്തനകനെന്നുള്ള നിലയിൽ ചുരുങ്ങിയ സമയത്തിനുള്ളിൽത്തന്നെ ചെങ്ങന്നൂരിൽ തന്റെ സാന്നിദ്ധ്യം തെളിയിക്കുകയും രാഷ്ട്രീയരംഗത്ത് വലിയൊരു സൗഹൃദം കെട്ടിപ്പടുക്കുകയും ചെയ്ത വ്യക്തിയാണ് അദ്ദേഹം.

രാഷ്ട്രീയ എതിരാളികൾക്കുപോലും ആക്രമിക്കാൻ സാധിക്കാത്ത വിധത്തിൽ സൗമ്യസ്വഭാവത്തിനുടമയായിരുന്ന ഇ. ചന്ദ്രശേഖരൻ നായർ മാവേലിസ്റ്റോർ എന്ന ആശയം നടപ്പിലാക്കുന്നതിൽ മുഖ്യപങ്ക് വഹിച്ച വ്യക്തിയാണ്. നിയമനിർമ്മാണ രംഗങ്ങളിൽ സജീവ സാന്നിദ്ധ്യമായിരുന്ന അദ്ദേഹം ആദ്യ കമ്മ്യൂണിസ്റ്റ് ഗവൺമെന്റിൽ കാർഷിക നിയമത്തിന്റെ കരട് തയ്യാറാക്കുന്ന സമിതിയംഗമാവുകയും നിക്ഷേപസമാഹരണ യജ്ഞത്തിലൂടെ പ്രൈമറി ബാങ്കുകളെ മറ്റ് ബാങ്കുകളുമായി മത്സരിക്കാൻ പ്രാപ്തമാക്കുന്നതിൽ ശക്തമായ ഇടപെടലുകൾ നടത്തുകയും ടൂറിസം മേഖലയിൽ വിപ്ലവകരമായ മാറ്റങ്ങൾ സൃഷ്ടിക്കുകയും ചെയ്തു. അന്തരിച്ച ഇ. ചന്ദ്രശേഖരൻ നായർ, കെ. കെ. രാമചന്ദ്രൻ നായർ എന്നിവരുടെ

ഓർമ്മകൾക്കുമുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

ശ്രീ. സി. കെ. നാണു: സ്വന്തം നിയോജക മണ്ഡലത്തിലുൾപ്പെടെ പൊതു-സാംസ്കാരിക-സാമൂഹ്യ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ കെ. കെ. രാമചന്ദ്രൻ നായർക്ക് എം.എൽ.എ. എന്ന നിലയിൽ ചുരുങ്ങിയ സമയം കൊണ്ട് ജനശ്രദ്ധ ആകർഷിക്കാൻ സാധിച്ചു. വരട്ടാർ നദിയുടെ പുനരുജ്ജീവന പ്രവർത്തനങ്ങളിൽ മുഖ്യപങ്ക് വഹിച്ച വ്യക്തിയാണദ്ദേഹം.

പുതുതായി നിയമസഭയിലേയ്ക്ക് കടന്നുവരുന്ന എം.എൽ.എ.-മാർക്ക് പ്രയോജനപ്രദമായ നിർദ്ദേശങ്ങൾ നൽകുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ച ഇ. ചന്ദ്രശേഖരൻ നായർക്ക് ടൂറിസം വകുപ്പുമന്ത്രിയെന്ന നിലയിൽ വടകരയിൽ കെ.റ്റി.ഡി.സി. സ്ഥാപനത്തിന്റെ ഉദ്ഘാടനം നടത്താനും തെന്മലയിൽ ടൂറിസം പ്രോജക്ട് ആരംഭിക്കാനും സാധിച്ചുവെന്നത് ശ്രദ്ധേയമായ കാര്യമാണ്. അദ്ദേഹത്തിന്റെ ലളിതമായ പെരുമാറ്റം ജനമനസ്സുകളിൽ സ്വാധീനം ചെലുത്തിയിട്ടുണ്ട്. മൺമറഞ്ഞ രണ്ടുപേരുടെയും ഓർമ്മകൾക്കുമുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

ശ്രീ. കെ. എം. മാണി: സഭ ഒന്നടങ്കം പ്രകടിപ്പിച്ച വികാരത്തോട് ഞാനും യോജിക്കുന്നു. ഇടതുപക്ഷ വിദ്യാർത്ഥി പ്രസ്ഥാനത്തിലൂടെ രാഷ്ട്രീയത്തിലേയ്ക്ക് പ്രവേശിച്ച കെ. കെ. രാമചന്ദ്രൻ നായർ രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ സമരങ്ങൾക്ക് നേതൃത്വം നൽകിയിട്ടുണ്ട്. തിരുവനന്തപുരം ലാ കോളേജ് ചെയർമാനായും ബാർ കൗൺസിൽ മെമ്പറായും പ്രവർത്തിച്ച അദ്ദേഹത്തിന് തന്റെ രാഷ്ട്രീയ-സാമൂഹിക-സാംസ്കാരിക പ്രവർത്തനങ്ങളിലൂടെ ജനശ്രദ്ധ ആകർഷിക്കാൻ സാധിച്ചു.

മികച്ച പാർലമെന്റേറിയൻ, അഭിഭാഷകൻ, മികച്ച സഹകാരി എന്നീ നിലകളിൽ പ്രവർത്തിച്ച ഇ.ചന്ദ്രശേഖരൻ നായർ നിയമനിർമ്മാണ ചർച്ചാവേളയിൽ നൽകിയിട്ടുള്ള സംഭാവനകൾ നിസ്തുലമാണ്. മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാകുന്ന വിധത്തിൽ ബഡ്ജറ്റ് പരിശോധനയ്ക്കും ബില്ലുകളുടെ സൂക്ഷ്മ പരിശോധനയ്ക്കും സബ്ജക്ട് കമ്മിറ്റിയെന്ന ആശയം പ്രാവർത്തികമാക്കുന്നതിൽ അദ്ദേഹം മുഖ്യ പങ്ക് വഹിച്ചു. അദ്ദേഹം നടപ്പിലാക്കിയ മാവേലിസ്റ്റോർ സംവിധാനം, ലോകായുക്താ നിയമം എന്നിവ ദേശീയ ശ്രദ്ധയാകർഷിച്ചവയാണ്. അന്തരിച്ച മഹത്വ്യക്തികളുടെ സ്മരണയ്ക്കുമുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: പൊതുപ്രവർത്തകനെന്ന നിലയിൽ വിവിധ മേഖലകളിൽ സജീവമായി പ്രവർത്തിക്കുകയും തന്റേതായ വ്യക്തിമുദ്ര പതിപ്പിക്കുകയും കലാ-സാംസ്കാരിക സായാഹ്നങ്ങളിൽ നിറസാന്നിദ്ധ്യമായി മാറുകയും ചെയ്ത വ്യക്തിയാണ് കെ. കെ. രാമചന്ദ്രൻ നായർ. ചുരുങ്ങിയ കാലഘട്ടത്തിനിടയിൽ പൊതുജന ശ്രദ്ധയാകർഷിച്ചുകൊണ്ട് പ്രവർത്തിക്കാനും മണ്ഡലത്തിന്റെ സമഗ്ര വികസനത്തിനായി സജീവമായ ഇടപെടൽ നടത്താനും അദ്ദേഹത്തിന് സാധിച്ചു. അദ്ദേഹത്തിന്റെ വിയോഗം നമുക്ക് വലിയ നഷ്ടമാണ്.

പുതുതലമുറയിലെ നിയമസഭാ സാമാജികർക്ക് മാതൃകയായി പ്രവർത്തിച്ച ഇ. ചന്ദ്രശേഖരൻ നായർക്ക് ഉറച്ച തീരുമാനങ്ങളും അഭിപ്രായങ്ങളുമുണ്ടായിരുന്നു. മന്ത്രിയെന്ന നിലയിൽ കൈകാര്യം ചെയ്ത വകുപ്പുകളിൽ തന്റേതായ വ്യക്തിമുദ്ര പതിപ്പിക്കാനും മാവേലിസ്റ്റോർ എന്ന ആശയം ജനകീയവത്കരിച്ചുകൊണ്ട് പൊതുജനങ്ങളുടെ ശ്രദ്ധയാകർഷിക്കാനും വിവിധ മേഖലകളിൽ ഒട്ടേറെ സംഭാവനകൾ നൽകാനും അദ്ദേഹത്തിന് സാധിച്ചു. അന്തരിച്ച മഹത് വ്യക്തികളുടെ ഓർമ്മകൾക്കുമുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സഭ പ്രകടിപ്പിച്ച പൊതുവികാരത്തോട് ഞാനും

യോജിക്കുന്നു. കെ. കെ. രാമചന്ദ്രൻ നായരുടെ വേർപാട് അപ്രതീക്ഷിതമാണ്. രോഗാവസ്ഥ അറിഞ്ഞ അവസരത്തിൽ ചെന്നൈയിൽ എത്തിച്ച് വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കുന്ന കാര്യത്തിൽ ബഹു. സ്പീക്കറുടെ ഇടപെടലുണ്ടായി എന്നത് ശ്ലാഘനീയമായ കാര്യമാണ്. പൊതുപ്രവർത്തനത്തോടൊപ്പം കലാ-സാഹിത്യ-സാംസ്കാരിക രംഗങ്ങളിലെല്ലാം നിറസാന്നിദ്ധ്യമായിരുന്ന അദ്ദേഹത്തെ ജനങ്ങൾ ഏറെ സ്നേഹിച്ചിരുന്നു. അദ്ദേഹത്തിന്റെ വിയോഗത്തിലൂടെ നല്ലൊരു പൊതുപ്രവർത്തകനേയും സുഹൃത്തിനേയുമാണ് നമുക്ക് നഷ്ടപ്പെട്ടിരിക്കുന്നത്.

പ്രഗൽഭനായ നിയമസഭാ സാമാജികൻ, ദീർഘദർശി, എഴുത്തുകാരൻ, സഹകാരി എന്നീ വിശേഷണങ്ങൾക്കെല്ലാം ഉടമയായിരുന്ന ഇ. ചന്ദ്രശേഖരൻ നായർ. മന്ത്രി എന്ന നിലയിൽ കൈകാര്യം ചെയ്ത വകുപ്പുകളിലെല്ലാം അദ്ദേഹത്തിന്റെ കയ്യൊപ്പ് ചാർത്തുവാൻ കഴിഞ്ഞുവെന്നത് ശ്രദ്ധേയമാണ്. മാവേലി സ്റ്റോറുകൾ ആരംഭിച്ചതുവഴി പൊതുവിപണിയിൽ ശക്തമായ ചലനങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞു. അദ്ദേഹത്തിന്റെ വേർപാട് കേരളത്തിന് വലിയ നഷ്ടമാണ്. രണ്ടു വ്യക്തിത്വങ്ങളുടെയും വേർപാടിൽ അനുശോചനം രേഖപ്പെടുത്തുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): ബഹുമാനപ്പെട്ട സ്പീക്കറും മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവുൾപ്പെടെയുള്ള കക്ഷിനേതാക്കളും പ്രകടിപ്പിച്ച വികാരത്തോട് ഞാനും

യോജിക്കുന്നു. ജനപ്രതിനിധി എന്ന നിലയിലുള്ള കെ. കെ. രാമചന്ദ്രൻ നായരുടെ സമർപ്പണം എല്ലാവർക്കും മാതൃകയായിരുന്നു. കലാ-സാംസ്കാരിക-സംഗീത മേഖലകളിൽ പ്രവർത്തിച്ചിരുന്ന അദ്ദേഹത്തിന്റെ ഭാവശുദ്ധിയും കർമ്മശുദ്ധിയും പരിശുദ്ധമായിരുന്നു. ചുരുങ്ങിയ സമയം കൊണ്ട് വളരെ മാതൃകാപരമായ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കാൻ അദ്ദേഹത്തിന് സാധിച്ചു.

സൗമ്യശീലത്തിന്റെയും ലാളിത്യത്തിന്റെയും പ്രതീകമാണ് ഇ. ചന്ദ്രശേഖരൻ നായർ. ഏറ്റെടുത്ത രംഗങ്ങളിലെല്ലാം തന്റേതായ വ്യക്തിമുദ്ര പതിപ്പിക്കാൻ അദ്ദേഹത്തിന് സാധിച്ചിരുന്നു. സംശുദ്ധ രാഷ്ട്രീയത്തിന്റെയും പൊതുപ്രവർത്തനത്തിന്റെയും പ്രതീകമായിരുന്നു അദ്ദേഹം. രണ്ടു വ്യക്തിത്വങ്ങളുടെയും ദേഹവിയോഗത്തിൽ അഗാധമായ ദുഃഖം രേഖപ്പെടുത്തുന്നു.

<u>ശ്രീ. ഒ. രാജഗോപാൽ</u>: രണ്ട് മഹത് വ്യക്തികളെക്കുറിച്ചും എന്റെ സഹപ്രവർത്തകർ നടത്തിയ വികാരങ്ങളോട് ഞാനും യോജിക്കുന്നു. വിശ്വസിച്ചിരുന്ന പ്രത്യയശാസ്ത്രത്തിൽ ഉറച്ച് നിന്ന് മറ്റുള്ളവരുടെ വികാരങ്ങൾ കൂടി മാനിച്ചിരുന്നു എന്നത് എല്ലാ പൊതുപ്രവർത്തകരും മാതൃകയാക്കേണ്ട കാര്യമാണ്. രണ്ടുപേരുടെയും ആത്മാവിന് ശാന്തി നേരുന്നു.

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: ജനപ്രതിനിധി എന്ന നിലയിൽ ചുരുങ്ങിയ സമയം കൊണ്ട് ചെങ്ങന്നൂർ നിയോജകമണ്ഡലത്തിന്റെ വികസന

പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കാൻ കെ. കെ. രാമചന്ദ്രൻ നായർക്ക് സാധിച്ചു. കലാ-സാഹിത്യ-സാംസ്കാരിക പ്രവർത്തനങ്ങൾക്കായി അക്ഷീണം പ്രവർത്തിച്ച വ്യക്തിയായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ ഓർമ്മകൾക്കു മുൻപിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

നല്ലൊരു വ്യക്തിത്വത്തിനുടമയും തികഞ്ഞ സാമാജികനുമായിരുന്ന ഇ.ചന്ദ്രശേഖരൻ നായർക്ക്, ജനങ്ങൾക്ക് ഉപകാരപ്രദമായ കാര്യങ്ങളിൽ തീരുമാനമെടുത്ത് സമയബന്ധിതമായി അതിന്റെ ഗുണഫലം എത്തിക്കാൻ സാധിച്ചിട്ടുണ്ട്. മാവേലിസ്റ്റോർ, ഇക്കോ ടൂറിസം തുടങ്ങിവ അദ്ദേഹത്തിന്റെ സ്മാരകമായി സമൂഹത്തിൽ നിലനിൽക്കുകയാണ്. അദ്ദേഹത്തിന്റെ ഓർമ്മകൾക്ക് മുൻപിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

<u>ശ്രീ. എൻ. വിജയൻ പിള്ള</u>: സഹോദരതുല്യനായ കെ. കെ. രാമചന്ദ്രൻ നായരുടെ ദേഹവിയോഗത്തിൽ ഞാൻ അനുശോചനം രേഖപ്പെടുത്തുന്നു. അദ്ദേഹത്തിന്റെ സവിനയമായ പ്രവർത്തനത്തിന് സഭ സാക്ഷിയാണ്. ജനങ്ങളുടെ മനസ്സിൽ വളരെ സ്വാധീനം ചെലുത്തിയ വ്യക്തിത്വത്തിനുടമയായിരുന്നു അദ്ദേഹം.

തികഞ്ഞ ലാളിത്യത്തിന്റെ ഉടമയാണ് ഇ. ചന്ദ്രശേഖരൻ നായർ. കൊല്ലം ജില്ലാ ബാങ്കിന്റെ ഉയർച്ചയ്ക്ക് നേതൃത്വം നൽകിയ നേതാവാണ് അദ്ദേഹം. കക്ഷിരാഷ്ട്രീയ ഭേദമില്ലാതെ എല്ലാവരും മാതൃകയാക്കേണ്ട ഒരു വ്യക്തിയാണ്

ഇ.ചന്ദ്രശേഖരൻ നായർ. അദ്ദേഹത്തിന്റെ ദേഹവിയോഗത്തിൽ അനുശോചനം രേഖപ്പെടുത്തുന്നു.

ശ്രീ. പി. സി. ജോർജ്: കെ. കെ. രാമചന്ദ്രൻ നായരുടെയും ഇ. ചന്ദ്രശേഖരൻ നായരുടെയും ദേഹവിയോഗത്തിൽ ബഹു. സ്പീക്കർ, മുഖ്യമന്ത്രി, പ്രതിപക്ഷ നേതാവ്, മറ്റ് കക്ഷിനേതാക്കൾ എന്നിവർ പറഞ്ഞ അഭിപ്രായങ്ങളോട് ഞാനും യോജിക്കുന്നു. കെ. കെ. രാമചന്ദ്രൻ നായർ നൽകിയ സംഭാവനകൾ വളരെ ആദരവോടെ നാം നോക്കിക്കാണേണ്ടതാണ്.

കേരളത്തെ ടൂറിസം ഡെസ്റ്റിനേഷനാക്കി മാറ്റുന്നതിൽ മുഖ്യ പങ്ക് വഹിച്ചയാളാണ് ഇ. ചന്ദ്രശേഖരൻ നായർ. രണ്ട് മഹത് വ്യക്തിത്വങ്ങളുടെയും നിര്യാണത്തിൽ ദുഃഖം രേഖപ്പെടുത്തുന്നു.

(അന്തരിച്ച മഹത് വ്യക്തികളോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റ് നിന്ന് മൗനം ആചരിച്ചു.)

സഭ രാവിലെ 10.06-ന് പിരിഞ്ഞു.

***********